കേരള കാർഷിക സർവ്വകലാശാല
ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ
നെട്ടുകാട്, കരമന പി.ഒ, തിരുവനന്തപുരം
ഫോൺ : 0471 2343586 ഇമെയിൽ - ifsrs@kau.in

നം. ഐ.എഫ്.എസ്.ആർ.എസ്/1240(ii)/24 തീയതി:24.06.2025

## ലിമിറ്റഡ് ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവകലാശാലയുടെ കരമനയിലുള്ള സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് യൂണിറ്റിലേക്ക് താഴെ പറയുന്ന തീറ്റ ഇനങ്ങൾ വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള വ്യക്തികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഐ.എഫ്.എസ്.ആർ.എസ്/453/2025 |
| ടെൻഡർ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 07/07/2025 - 2 PM |
| ടെൻഡർതുറക്കുന്ന തീയതിയും സമയവും | 07/07/2025 - 3 PM |
| ടെൻഡർ ഫീസ് | മൊത്തം തുകയുടെ 0.2% (കുറഞ്ഞത് 400/- രൂപ, കൂടിയത് 1500/- രൂപ )+ ജി.എസ്.ടി. 18% |
| നിരതദ്രവ്യം (EMD) | രേഖപ്പെടുത്തിയ ടെൻഡർ തുകയുടെ 1% |
| ടെൻഡർ കാലാവധി | ടെൻഡർ അംഗീകരിച്ച തീയതി മുതൽ ഒരു വർഷം വരെ |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും വിലാസവും | പ്രൊഫസർ & ഹെഡ്,<br>ഐ.എഫ്.എസ്.ആർ.എസ്., കരമന<br>തിരുവനന്തപുരം – 695 002 |

വിശദ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടേണ്ട നമ്പർ - 0471 -2343586. ടെൻഡർ ലഭിക്കുന്ന വ്യക്തി വിതരണ ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ തീറ്റ ഇനങ്ങൾ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. വണ്ടി വാടക, കയറ്റിറക്ക് കൂലി മറ്റ് എല്ലാ ചെലവുകളും ടെൻഡർ ലഭിക്കുന്ന വ്യക്തി വഹിക്കേണ്ടതാണ്. വിതരണം ചെയ്യുന്ന കാലിത്തീറ്റകൾ ഗുണമേന്മയുള്ളവയായിരിക്കണം. വിതരണം ചെയ്യേണ്ട വിവിധയിനം തീറ്റകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ഇനം | ഒരു തവണത്തേക്ക് ആവശ്യമായ അളവ് (രണ്ടാഴ്ചയിലൊരിക്കൽ | ഒരു കിലോ ഗ്രാമിന്റെ വില | പാക്കറ്റ്/ചാക്ക് ഒന്നിന്റെ തൂക്കം | പാക്കറ്റ്/ ചാക്ക് ഒന്നിന്റെ വില | ജി.എസ്.റ്റി ശതമാനം | മൊത്ത വില |
|---|---|---|---|---|---|---|---|
| 1 | കാലിത്തീറ്റ | 100 കി.ലോ | | | | | |
| 2 | കോഴിത്തീറ്റ | 150 കി.ലോ | | | | | |
| 3 | മുയൽത്തീറ്റ | 25 കി.ലോ | | | | | |
| 4 | ആട്ടിൻതീറ്റ | 50 കി.ലോ | | | | | |
| 5 | കാടത്തീറ്റ | 50 കി.ലോ | | | | | |

## <u>നിബന്ധനകൾ</u>

1. കെ.എ.യു. വെബ്സൈറ്റിൽ (www.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിലാണ് ടെൻഡറുകൾ സമർപ്പിക്കേണ്ടത്. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് 'കന്നുകാലി യൂണിറ്റിലേക്കുള്ള വിവിധയിനം തീറ്റകൾക്കുള്ള ടെൻഡർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.
2. ടെൻഡറിനോടൊപ്പം ടെൻഡർ ഫീസ്, ജി.എസ്.ടി.- നിരതദ്രവ്യം എന്നിവയ്ക്ക് പ്രൊഫസർ & ഹെഡ്, IFSRS, കരമന എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കരമന യൂണിറ്റിൽ മൂന്ന് വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റ് അടവാക്കി ടെൻഡറിൽ പങ്കുകൊള്ളാവുന്നതാണ്.
3. അപൂർണ്ണവും വൈകി സമർപ്പിക്കുന്നതുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
4. ടെൻഡറിനോടൊപ്പം 200/- (ഇരുനൂറ് രൂപാ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിൽ പറഞ്ഞിട്ടുള്ള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.
5. ടെൻഡറിനോടൊപ്പം നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി/ സമയത്തിന് മുമ്പായി കിട്ടിയ ടെൻഡറുകൾ അന്നേ ദിവസം 3.00PM ന് ഹാജരുള്ള ടെൻഡറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവുംകുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെൻഡർ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതായിരിക്കും.
6. നിരതദ്രവ്യം, ടെൻഡർ ഫീസ് സമ്മതപത്രം എന്നിവ ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

7. ടെൻഡർ ലഭിക്കുന്ന കരാറുകാരൻ 200/- (ഇരുന്നൂറ് രൂപാ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപന മേധാവിയുമായി അന്തിമ കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ടെൻഡർ പ്രകാരം തീറ്റ വിതരണം ചെയ്യാൻ കരാറുകാരന് സാധിക്കാത്ത പക്ഷം മുൻകൂറായി ആയത് കേന്ദ്രം മേധാവിയെ അറിയിക്കേണ്ടതാണ്.
8. ഇപ്രകാരം ടെൻഡർ നേടുന്ന വ്യക്തി ടെൻഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് (ക്യാഷ് /ടേം ഡെപ്പോസിറ്റ് /ബാങ്ക് ഗ്യാരന്റി / ഡിമാന്റ് ഡ്രാഫ്റ്റ്) അടവാക്കേണ്ടതാണ്.
9 . ടെൻഡറുകൾ സ്വീകരിക്കുന്നതിനോ മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
10. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായ നികുതി പിടിയ്ക്കുന്നതായിരിക്കും.
11. ടെൻഡർ ദിവസം ഏതെങ്കിലും കാരണത്താൽ അവധി ദിനമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.
12. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഒപ്പ്/-

പ്രൊഫസർ & ഹെഡ്

പകർപ്പ് - നോട്ടീസ് ബോർഡ്

//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത് //

Nisa Begum. K

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

INTEGRATED FARMING SYSTEM RESEARCH STATION
NEDUMCAUD
KARAMANA, P.O
THIRUVANANTHAPURAM
PIN- 695 002
Ph: 0471 2343586
KERALA AGRICULTURAL UNIVERSITY